കപ്രിക്കാട് എന്ന് സ്ഥലത്തേയ്ക്ക് മാറ്റി സ്ഥാപിക്കാനുള്ള നിർദ്ദേശം അടിയന്തിരമായി നടപ്പാക്കുന്നതിനുവേണ്ട നടപടികൾ ബഹുമാനപ്പെട്ട ഗവൺമെന്റ് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പരിസ്ഥിതി വനം വകുപ്പുമന്ത്രി (ശ്രീ. എ. സുജനപാൽ): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ച പ്രശ്നത്തെ സംബന്ധിച്ച്, വന്യമൃഗപുനരധിവാസ കേന്ദ്രത്തിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഇവിടെ പറഞ്ഞതുപോലെ കപ്രിക്കാട് എന്ന സ്ഥലത്ത് 10 ഹെക്ടർ ഭൂമി കണ്ടെത്തുകയും പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ Central Zoo Authority-യുടെ ആവശ്യപ്രകാരമുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിന് ഉദ്ദേശം 70 ലക്ഷം രൂപ വേണമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഫണ്ടിന്റെ അഭാവംമൂലം പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകാൻ കഴിയാത്ത ഒരു സാഹചര്യമുണ്ട്. ഫണ്ട് ലഭ്യമാക്കുന്ന മുറയ്ക്ക് ജോലികൾ പൂർത്തീകരിച്ച് അംഗീകാരം വാങ്ങി ഒരു മൃഗശാലാരൂപത്തിൽ പ്രവർത്തിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ആനക്യാമ്പ് വികസിപ്പിക്കുന്നതിനാവശ്യമായ പദ്ധതികളും ആവിഷ്ക്കരിച്ചിട്ടുണ്ട്. അതുപോലെ ആന പാപ്പാന്മാരുടെ ഹ്രസ്വകാല പരിശീലന കോഴ്സുകൾ നടത്തുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമായിക്കഴിഞ്ഞാൽ, Zoo Authority-യുടെ അംഗീകാരംകൂടി ലഭിച്ചുകഴിഞ്ഞാൽ അടിയന്തിരമായി അവിടെ ആവശ്യമായ ഒരു കേന്ദ്രം സ്ഥാപിക്കാൻ നടപടികൾ കൈക്കൊള്ളും.

[12.00 Noon]

(23) കോഴിക്കോട് ജീരകപ്പാറയിൽ വനം കയ്യേറ്റം

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, കോടഞ്ചേരി പഞ്ചായത്തിലെ ജീരകപ്പാറ വനപ്രദേശം തുടർച്ചയായ കയ്യേറ്റത്തിനു വിധേയമാകുകയാണ്. ജീരകപ്പാറ 110-ൽപ്പെടുന്ന വനം വകുപ്പ് റെസ്റ്റോർ ചെയ്ത ഭൂമിയാണ് ഇപ്പോൾ ഏറ്റവും അവസാനം കയ്യേറ്റത്തിന് വിധേയമായത്. ഇവിടെ വനത്തിന്റെ നടുവിൽ ഏതാനും കൃഷിക്കാരുടെ കൈവശഭൂമിയുണ്ട്. ഇത് തർക്കത്തിലുള്ള ഭൂമിയാണ്. ഇവിടെ ഭൂരഹിതരായ കൈവശക്കാരുണ്ടെങ്കിൽ അവർക്ക് പകരം ഭൂമിയോ അർഹമായ നഷ്ടപരിഹാരമോ നൽകി തർക്കഭൂമി വനംവകുപ്പിന്റേതായി സംരക്ഷിക്കണം. ഇവിടെ ഭൂമി കൈവശം വച്ചുകൊണ്ടിരിക്കുന്ന റഷീദ് എന്ന ഉടമയ്ക്കുവേണ്ടിയാണ് ഈ കയ്യേറ്റം നടന്നത്. അര ഏക്കറോളം ഭൂമിയിൽ പെറിയ മരങ്ങൾ വെട്ടിയിടുകയും കാട് വെട്ടിത്തെളിക്കുകയും ചെയ്തിട്ടുണ്ട്. ഞാൻ ഈ സ്ഥലത്ത് നേരിട്ട് പോവുകയും സ്ഥലം കണ്ട് ബോധ്യപ്പെടുകയും ചെയ്തിട്ടുള്ളതാണ്. ബഹുമാനപ്പെട്ട മന്ത്രിയും ഈ സ്ഥലത്ത് പോയിട്ടുള്ളതാണ്. ഈ കയ്യേറ്റം കർശനമായി തടയുന്നതിനു വേണ്ടിയുള്ള എല്ലാവിധ നടപടികളും സ്വീകരിക്കേണ്ടതായിട്ടുണ്ട്. ഒരു കാരണവശാലും വനം വകുപ്പിന്റെ കൈവശമുള്ള ഭൂമി

LIBRARY ARCHIVES Kerala Legislative Assembly

അന്യാധീനപ്പെട്ടുപോകുന്ന ഒരവസ്ഥയുണ്ടാകാൻ പാടില്ല. തുഷാരഗിരി വിനോദകേന്ദ്രം, അതുപോലെ ചെമ്പുകടവ് ഉറുമി ജലവൈദ്യുത പദ്ധതികൾ പരിസ്ഥിതി സംരക്ഷണം ഇതിനെയെല്ലാം വ്യാപകമായ നിലയിൽ ബാധിക്കുന്നതാണ് അവിടുത്തെ വനനശീകരണം. ഈ സംഭവത്തിനുശേഷം മറ്റൊരു സംഭവംകൂടി അതിനോട് തൊട്ടുള്ള ഒരു പ്രദേശത്തുണ്ടായിട്ടുണ്ട്. കാരശ്ശേരി പഞ്ചായത്തിലെ തോട്ടക്കാട് വനമേഖലയിൽ വൻതോതിൽ തേക്ക് മുറിച്ചിട്ടിരിക്കുകയാണ്. രണ്ട് ലോഡ് മുറിച്ചിട്ടത് ആളുകൾ എടുത്തുകൊണ്ടുപോയി. ഇങ്ങനെ വ്യാപകമായ വനം കയ്യേറ്റങ്ങളും മരങ്ങൾ കൊള്ളചെയ്തുപോകുന്ന അവസ്ഥയും ഈ മലയോര പ്രദേശത്ത് നടന്നുവരികയാണ്. ഇത് കർശനമായി തടയുന്നതിനുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം.

പരിസ്ഥിതി വനം വകുപ്പുമന്ത്രി (ശ്രീ. എ. സുജനപാൽ): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ച കാര്യം ജീരകപ്പാറ വനം കയ്യേറ്റം സംബന്ധിച്ചാണ്. അതിനെസംബന്ധിച്ച് വളരെ ഗൗരവപൂർവ്വംതന്നെ ഗവൺമെന്റ് നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഇതിനുമുമ്പും നിരവധി തവണ ഈ പ്രശ്നം ഇവിടെ ഉന്നയിക്കപ്പെട്ടതാണ്. 28-1-06-ന് ഈ സ്ഥലം കയ്യേറി 90 സെന്റീമീറ്റർ താഴെ വലിപ്പമുള്ള ആറ് വട്ടമരങ്ങളും ഒരു പെരുമാട്ട മരവുമാണ് മുറിച്ചുനീക്കിയത്. അഞ്ച് പ്രതികളെ 28-1-06-ന് അറസ്റ്റുചെയ്ത് റിമാൻഡ് ചെയ്തു. മറ്റ് രണ്ടു പ്രതികളായ സ്ഥലം ഉടമയും മേസ്തിരിയും ഒളിവിലാണ്. അവർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ മുൻകൂർ ജാമ്യത്തിന് അപേക്ഷ നൽകിയിട്ടുണ്ട്. അവരുടെ മുൻകൂർ ജാമ്യാപേക്ഷ എതിർക്കുവാനാവശ്യമായ നിർദ്ദേശങ്ങൾ അഡ്വക്കേറ്റ് ജനറൽ ഉൾപ്പെടെയുള്ളവർക്ക് നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ഞാൻ അവിടെ സന്ദർശിക്കുകയുണ്ടായി. വനം സംരക്ഷണത്തിനുവേണ്ടി ഉടനെതന്നെ അവിടെ ഒരു ഫോറസ്റ്റ് ചെക്ക്പോസ്റ്റ്, ആരംഭിക്കാൻവേണ്ടിയുള്ള നിർദ്ദേശം കൊടുക്കുകയും ഇതിനകംതന്നെ ചെക്ക്പോസ്റ്റ് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾത്തന്നെ ഗവൺമെന്റിന്റെ മുമ്പാകെ ഇരുപതോളം ഫോറസ്റ്റ് സ്റ്റേഷൻ സ്ഥാപിക്കാനുള്ള നിർദ്ദേശം പരിഗണനയിലുണ്ട്. ഒരു ഫോറസ്റ്റ് സ്റ്റേഷനെങ്കിലും ആരംഭിക്കാൻ സാധിക്കുമെങ്കിൽ തീർച്ചയായും ജീരകപ്പാറ വനസംരക്ഷണത്തിനുവേണ്ടി ജീരകപ്പാറയിൽ ഫോറസ്റ്റ് സ്റ്റേഷൻ ആരംഭിക്കാനുള്ള നിർദ്ദേശവും ഗവൺമെന്റ് ഗൗരവപൂർവ്വം പരിഗണിക്കുമെന്ന് പറയാൻ ഉദ്ദേശിക്കുകയാണ്.

(24) പുനലൂർ മുനിസിപ്പൽ പ്രദേശത്ത് കുടിയൊഴിപ്പിക്കപ്പെട്ടവരെ പുനരധിവസിപ്പിക്കാൻ നടപടി

ശ്രീ. പി. എസ്. സുപാൽ: സർ, പുനലൂർ മണ്ഡലത്തിൽ പുനലൂർ നഗരസഭയുടെ പരിധിയിലുള്ള നിരവധി ബങ്കുകളാണ് ജില്ലാഭരണകൂടം തകർത്തത്. 20-30 വർഷങ്ങളായി അവിടെ കച്ചവടം നടത്തി ഉപജീവനം കഴിച്ചുവരുന്ന

LIBRARY ARCHIVES Kerala Legislative Assembly